**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2046 — 01.02.2018 ൽ മറുപടിക്ക്

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി. കളുടെ വികസനം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി. കളുടെ വികസനത്തിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) | **1. സാമൂഹികാരോഗ്യകേന്ദ്രം അമ്പലപ്പാറ**<br>അമ്പലപ്പാറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി പദ്ധതി വിഹിതത്തിൽ മുപ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br>**2. സാമൂഹികാരോഗ്യകേന്ദ്രം കടമ്പഴിപ്പുറം**<br>കടമ്പഴിപ്പുറം സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1 കോടി രൂപയുടെ ഒരു കെട്ടിടം സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനായി നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തനതുവർഷം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ അനുവദിച്ച് ആശുപത്രിയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഡെന്റൽ യൂണിറ്റ് ആരംഭിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡെന്റൽ |

| | | | |
|---|---|---|---|
| | | | യൂണിറ്റിലേയ്ക്ക് ഒരു ഡെന്റൽ സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ് നടത്തുന്നതിനുള്ള മെഷീനുകൾ 5 ലക്ഷം രൂപയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം വാങ്ങി സ്ഥാപിച്ച് ഉപയോഗിച്ച് വരുന്നുണ്ട്. കൂടാതെ 3.30 ലക്ഷത്തിന് ഒരു ഫോട്ടോകോപ്പിയർ, 3 കംപ്യൂട്ടർ എന്നിവ വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ സി.എച്ച്.സി. കളിലേയും അംഗീകൃത തസ്തിക എത്രയാണെന്നും, പ്രസ്തുത തസ്തികകളിലുള്ള എല്ലാവരുടെയും സേവനം ലഭ്യമാണോ എന്നും വ്യക്തമാക്കാമോ; | (ബി) | വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഒറ്റപ്പാലം മണ്ഡലത്തിലെ സി.എച്ച്.സി കളുടെ വികസനത്തിനായി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴി ലഭ്യമായ ഫണ്ട് വിനിയോഗം എത്രയെന്നും എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കി എന്നും വിശദീകരിക്കാമോ? | (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി.കളുടെ വികസനത്തിനും മറ്റുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെന്മാറ സി.എച്ച്.സി.യിൽ ലേബർ റൂമിന്റെയും ഓപ്പറേഷൻ തീയറ്ററിന്റെയും നവീകരണത്തിന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

## അമ്പലപ്പാറ സാമൂഹികാരോഗ്യകേന്ദ്രം

| തസ്തിക | Sanctioned Strength | In Position | Vacancy |
|---|---|---|---|
| മെഡിക്കൽ ഓഫീസർ | 3 | 3 | 0 |
| ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | 0 |
| ഹെൽത്ത് ഇൻസ്പെക്ടർ | 2 | 2 | 0 |
| ലേഡീ ഹെൽത്ത് സൂപ്പർവൈസർ | 1 | 0 | 1 |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 2 | 2 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 7 | 7 | 0 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 12 | 12 | 0 |
| ഹെഡ് നേഴ്സ് | 1 | 1 | 0 |
| സ്റ്റാഫ് നഴ്സ് | 4 | 3 | 1 |
| ഹെഡ് ക്ലാർക്ക് | 1 | 1 | 0 |
| ക്ലാർക്ക് | 3 | 3 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| ഡ്രൈവർ | 1 | 1 | 0 |
| ഫാർമസിസ്റ്റ് | 1 | 0 | 1 |
| ലാബ് ടെക്നീഷ്യൻ | 1 | 1 | 0 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 | 0 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 | 0 | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 2 | 2 | 0 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 | 0 |

## കടമ്പഴിപ്പുറം സാമൂഹികാരോഗ്യകേന്ദ്രം

| തസ്തിക | Sanctioned Strength | In Position | Vacancy |
|---|---|---|---|
| സിവിൽ സർജൻ | 1 | 1 | 0 |
| അസിസ്റ്റന്റ് സർജൻ | 4 | 4 | 0 |
| ഹെഡ് ക്ലാർക്ക് | 1 | 1 | 0 |
| സീനിയർ ക്ലാർക്ക് | 1 | 1 | 0 |
| ക്ലാർക്ക് | 2 | 2 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| ഡ്രൈവർ | 2 | 2 | 0 |
| ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | 0 |
| ഫാർമസിസ്റ്റ് | 1 | 1 | 0 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 | 0 | 1 |
| ഹെഡ് നേഴ്സ് | 1 | 1 | 0 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 | 2 | 1 | 0 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 | 2 | 3 | 0 |
| നഴ്സിംഗ് അസിസ്റ്റന്റ് | 3 | 3 | 0 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 2 | 2 | 0 |
| പാർട്ട് ടൈം സ്വീപ്പർ | 1 | 1 | 0 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 | 1 | 0 | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 1 | 2 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 2 | 1 | 0 |
| ലേഡീ ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | 0 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 | 0 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 | 2 | 2 | 0 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 | 4 | 4 | 0 |
| അസിസ്റ്റന്റ് ഡെന്റൽ സർജൻ | 1 | 1 | 0 |

സെക്ഷൻ ഓഫീസർ